"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. വിക്രംദാസിന്റെ ഭാര്യയുടെ ചികിത്സയ്ക്കായി ചെലവഴിച്ച തുക പ്രതിപൂരണം ചെയ്യുന്നതിന്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.8/2024/F&WLD തീയതി, തിരുവനന്തപുരം, 05-01-2024.

---

പരാമർശം:-

1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09.08.2023 ലെ എച്ച് 2/4361/2023 നമ്പർ കത്ത്.
2. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ 31.03.2023 ലെ ഡി1-4030/2023 നമ്പർ കത്ത്.

## ഉത്തരവ്

വനം വന്യജീവി വകുപ്പിൽ പെരുമ്പാവൂർ ടിമ്പർ ഡിവിഷനിലെ മുടിക്കൽ ഡിപ്പോ ഓഫീസറായി ജോലി നോക്കി വരുന്ന ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. വിക്രംദാസിന്റെ ഭാര്യയുടെ ചികിത്സയ്ക്കായി കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ ചെലവഴിച്ച തുക പ്രതിപൂരണം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം പരാമർശ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശിത കത്തിൽ വിവരിച്ചിരിക്കുന്ന സാഹചര്യം പരിഗണിച്ച്, വനം വന്യജീവി വകുപ്പിൽ പെരുമ്പാവൂർ ടിമ്പർ ഡിവിഷനിലെ മുടിക്കൽ ഡിപ്പോ ഓഫീസറായി ജോലി നോക്കി വരുന്ന ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. വിക്രംദാസിന്റെ ഭാര്യയ്ക്ക് കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ METASTATiC CARCINOMA RIGHT BREAST എന്ന രോഗത്തിന് തുടർ ചികിത്സയ്ക്കായി 10/05/2022 മുതൽ 16/01/2023 വരെയുള്ള കാലയളവിൽ ചെലവായ 46,359/- രൂപയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്നറിയിച്ച 37,922/- രൂപയുടെ 80% ആയ ₹30,338/-രൂപ (മുപ്പതിനായിരത്തി മുന്നൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ. വിക്രംദാസ്, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (05.12.2023 ലെ 2546096/ലോൺസ്-എൽ5/149/2023/ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 05.01.2024 14:37:42